Land Mortgage Bank—Debentures—issue of.

242. **Mr. Shabdai S. Koder** *(Jews Special)*.—Will the Government be pleased to state whether there is any proposal to issue any more 4 per cent Land Mortgage Bank Debentures?

Mr. K. Narayana Menon *(Registrar of Co-operative Societies)*.—It is for the bank to decide whether new issues are to be made. No further proposals have been received from the bank.

Election—Panchayat Court—Pallippuram Group—particulars regarding.

ഉർമ്മ മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—താഴെപറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു് സഭയം മറുപടി പറയുമോ:—

(എ) പള്ളിപ്പുറം പഞ്ചായത്തിലെ ഇപ്പോഴത്തെ മെമ്പർമാരുടെ തിരഞ്ഞെടുപ്പ് എന്നാണു കഴിഞ്ഞതു്;

(ഏ) പ്രസ്തുത പഞ്ചായത്തിലെ പ്രസിഡണ്ടു് തിരഞ്ഞെടുപ്പ് എന്നാണു് കഴിഞ്ഞതു്;

(സ) പ്രസ്തുത പഞ്ചായത്തു തിരഞ്ഞെടുപ്പിനുശേഷം കുഴപ്പിള്ളി ഗ്രൂപ്പ് കോട്ടിലേക്ക പള്ളിപ്പുറം പഞ്ചായത്തിൽനിന്നു ജഡ്ജിമാരുടെ തിരഞ്ഞെടുപ്പു നടത്തുവാൻ ആദ്യം നൊട്ടീസ് അയച്ചതു് എന്നാണു്;

(ര) ആ നോട്ടീസനുസരിച്ചു് തിരഞ്ഞെടുപ്പു നടത്തിയോ;

(ഒ) ഇല്ലെങ്കിൽ അന്നു് തിരഞ്ഞെടുപ്പു നടത്താതിരിയ്ക്കാനുള്ള കാരണമെന്തു്;

(ന്യ) അതിനുശേഷം ഇതേവരെ ഏതെല്ലാം മാസം തിയ്യതികളിൽ തിരഞ്ഞെടുപ്പു നോട്ടീസ് അയച്ചിട്ടുണ്ടു്;

(ഓ) പിന്നീടു് എന്നാണു് ആ തിരഞ്ഞെടുപ്പു നടത്തിയതു്;

(വ) കഴിഞ്ഞ ധനുവിൽ അന്നു നിലവിലുള്ള നിയമമനുസരിച്ചു തിരഞ്ഞെടുപ്പു നടത്തിയില്ലേ;

(ൻ) ആ തിരഞ്ഞെടുപ്പു ഫലം നിയമപ്രകാരം പഞ്ചായത്തു് ആപ്പീസിൽ പരസ്യപ്പെടുത്തിയില്ലേ;

(ഹ) ആ തിരഞ്ഞെടുപ്പു ഫലം നിയമപ്രകാരം ഗസറ്റിൽ പരസ്യപ്പെടുത്തിട്ടുണ്ടോ;

(ഹ) ഇല്ലെങ്കിൽ ആ തിരഞ്ഞെടുപ്പു ഫലം ഗസറ്റിൽ പരസ്യപ്പെടുത്താതെ വീണ്ടും തിരഞ്ഞെടുപ്പു നടത്താനുള്ള കാരണമെന്തു്;

LIBRARY ARCHIVES Kerala Legislative Assembly

(ക്ഷ) ആ തിരഞ്ഞെടുപ്പ് ദുർബലപ്പെടുത്താൻ അന്ന നിലവിലുള്ള നിയമപ്രകാരം ഹെൽത്ത് പഞ്ചായത്ത് ഡയറക്ടർ അവർകൾക്ക് അധികാരമുണ്ടോ;

(ക്ഷ) ഇതുപോലെ ഇതിന്നു മുമ്പു മറേറതെങ്കിലും പഞ്ചായത്തിൽ ഗവമ്മെണ്ടു പ്രവൃത്തിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*.—(ക്ഷ) മെസ്സേഴ്സ്

മാധവൻ	൫—൨—ക്ഷക്ഷക്ഷ
രാഘവൻ	൭—൭—ക്ഷക്ഷക്ഷ
ശങ്കരൻ	ക്ഷൻ—ൻ—ക്ഷക്ഷക്ഷ
ഉണിക്കുമാരൻ	ക്ഷ൫—ക്ഷ൦—ക്ഷക്ഷക്ഷ
കുമാരൻ	ക്ഷ൫—ക്ഷ൦—ക്ഷക്ഷക്ഷ

(൨) നക്ഷ—ക്ഷ൨—ക്ഷക്ഷക്ഷ.

(ന) ൭—൨—ക്ഷക്ഷ൨.

(൪) ഇല്ല.

(൫) അദ്ധ്യക്ഷനായി നിയമിച്ച ഉദ്യോഗസ്ഥന്ന് അവിചാരിതവും ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്തതുമായ മറെറാ ജോലിക്കു പോകേണ്ടി വന്നതുകൊണ്ടു്.

(ന) ൨൪—൪—ക്ഷക്ഷ൨, ൨൨—൫—ക്ഷക്ഷ൨, ൨൦—൭—ക്ഷക്ഷ൨.

൬) ൨൯—൫—ക്ഷക്ഷ൨, ൫—ൻ—ക്ഷക്ഷ൨.

(൭) ഉവ്വ്.

(ൻ) ഉവ്വ്.

(ക്ഷ൦) ഇല്ല.

(ക്ഷക്ഷ) അപ്പോഴേക്കും ഗൂഢ്ലൂ കോടതികളിലെ ജഡ്ജിമാരുടെ തിരഞ്ഞെടുപ്പു നടത്തുന്നതിന്നുണ്ടായിരുന്ന ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുകയും അതനുസരിച്ചു് ജഡ്ജിമാരെ എടവനക്കാട്ടു്, പള്ളിപ്പുറം എന്നീ രണ്ടു പഞ്ചായത്തിൽ ഉള്ളതായ മെമ്പർമാർ ഒന്നിച്ചു ചേർന്നു തിരഞ്ഞെടുക്കേണ്ടി വരികയും ചെയ്തതുകൊണ്ടു്. എടവനക്കാട്ടു പഞ്ചായത്തുകാരുടെ ആക്ഷേപവും ഉണ്ടായിട്ടുണ്ടു്.

(ക്ഷ൨) ചട്ടങ്ങളുടെ ഭേദഗതിമൂലം തെരഞ്ഞെടുപ്പ് അസാധുവായി തീരുമാനിച്ചു.

(ക്ഷന) വൃ പഞ്ചായത്തുകൾ ഉള്ളതിൽ ഇതൊഴിച്ചു് ബാക്കി ഒരു പഞ്ചായത്തിലും ഇതുപോലെ പ്രവൃത്തിക്കേണ്ടതായി വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സർ, ഈ സബ്ഡിവിഷൻ ഓ-ൽ "അദ്ധ്യക്ഷനായി നിയമിച്ച ഉദ്യോഗസ്ഥനു അവിചാരിതവും ഒഴിച്ചുകൂടുവാൻ പാടില്ലാത്തതുമായ മറു ജോലിക്കു പോകേണ്ടിവന്നതുകൊണ്ടു" എന്നു പറഞ്ഞിട്ടുണ്ടു. പിന്നെ ഏതെല്ലാം തിയ്യതികളിലാണു തിരഞ്ഞെടുപ്പു നോട്ടീസു് അയച്ചിട്ടുള്ളതു് എന്നു ചോദിച്ചതിനു സബ്ഡിവിഷൻ ന്യ-ൽ ഡ-ർ-ഫ്ഫ, ഡ-ഒ-ഫ്ഫ, ഡഠ-വ-ഫ്ഫ എന്നു പറഞ്ഞിട്ടുണ്ടു. ഈ എല്ലാ അവസരങ്ങളിലും ഇതുപോലെ അവിചാരിതവും ഒഴിച്ചുകൂടുവാൻ പാടില്ലാത്തതുമായ മറു ജോലിക്കു പോകേണ്ടിവന്നതുകൊണ്ടുതന്നെയാണോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— D. P. H. ഇല്ലാത്തതുകൊണ്ടു വിവരമായി പറയാൻ സാധിക്കയില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— അദ്ധ്യക്ഷനായിട്ടു നിയമിച്ചതു് ആരെയാണെന്നു പറയുവാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— ഇന്നു അവിചാരിതമായിട്ടു D. P. H. വരാതിരുന്നതുകൊണ്ടു ശരിയായി പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— തിരഞ്ഞെടുത്ത മെമ്പർമാരുടെ പേരുകൾ പഞ്ചായത്തിൽ പ്രസിദ്ധം ചെയ്യുന്നതിനു ശേഷം അതു് ഗസറ്റിൽ പ്രസിദ്ധം ചെയ്യണമെന്നു നിയമമുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— ഉണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—ഗസറ്റിൽ പ്രസിദ്ധം ചെയ്യാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് (*Joint Secretary to Government*).— പ്രത്യേക കാരണമൊന്നുമില്ല. ഭേദഗതി അനുസരിച്ചു തിരഞ്ഞെടുപ്പു നടത്തേണ്ട ആവശ്യമുണ്ടായതായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഈ രൂപം മാറേണ്ടതായിട്ടുണ്ടെന്നു കണ്ടിട്ടാണോ ഈ തിയ്യതിയിൽ തിരഞ്ഞെടുപ്പു നടത്തീട്ടുള്ളതു്?

മിസ്റ്റർ പി. ജെ. ജോർജ്ജ് (*Joint Secretary to Government*).— അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഡനു-ഓ-ഫ്ഫഡ-ൽ ആ രൂപം മാറീട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ തിയ്യതിക്കു തിരഞ്ഞെടുപ്പു നടത്തിയപ്പോൾ പഞ്ചായത്തു തിരഞ്ഞെടുപ്പു രൂപീൽ ഈ ഭേദഗതി കൊണ്ടുവരുകയോ പാസ്സാക്കുകയോ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*.— പാസായിട്ടില്ലെന്നാണു തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ ഭേദഗതി പാസ്സായതിനുശേഷം വീണ്ടും തിരഞ്ഞെടുപ്പു നടത്താമെന്നു ഉദ്ദേശത്തിന്മേലാണോ ഗസറ്റിൽ പ്രസിദ്ധം ചെയ്യാതിരുന്നതു് എന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*.— കൂടുതൽ വിവരം പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— വൈപ്പഞ്ചായത്തുകളുടെ കൂട്ടത്തിൽ ഈ പഞ്ചായത്തൊഴിച്ചു വേറെ ഒന്നിലും ഇതുപോലെ പ്രവൃത്തിക്കേണ്ടതായി വന്നിട്ടില്ല എന്നു പറഞ്ഞു. അതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*.— അവിടത്തെ മെമ്പർമാർ തന്നെയായിരിക്കാം കാരണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അവിടെ ഈഴവർ അധികം ഉള്ളതുകൊണ്ടാണെന്നാണോ ഗവമെണ്ടു പറയുന്നതു്?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*.— അതുകൊണ്ടൊന്നുമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ പഞ്ചായത്തിൽ അധികം കാണുന്നതു സവർണ്ണരുടെ പേരല്ലാത്തതുകൊണ്ടാണോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് *(Joint Secretary to Government)*.— ജാതിവ്യത്യാസം കൊണ്ടാണെന്നു തോന്നുന്നില്ല.

മിസ്റ്റർ ടി. എസ്സ്. ബാലരാമയ്യർ *(Trichur North)*.— സെറ്റു് എസയ്ഡ് ചെയ്തതിനു ശേഷം എന്നാണു തിരഞ്ഞെടുപ്പു നടത്തിയതു്?

മിസ്റ്റർ കെ. പി. കണ്ണൻ നായർ *(Secretary to Government)*— സെറ്റു് എസൈഡ് ചെയ്തതിനുശേഷം രണ്ടു പ്രാവശ്യം തിരഞ്ഞെടുപ്പു നടത്തീട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സെറ്റ് എസൈഡ് ചെയ്തത ദേശഗതി പാസായതിനു ശേഷം രണ്ടാമത തിരഞ്ഞെടുപ്പ നടത്തുവാനാണോ?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— അതു പറയുവാൻ സാധ്യമല്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻ കുട്ടി (*Anthikad*).— ആക്ഷേപം വന്നതുകൊണ്ടാണോ സെറ്റ് എസൈഡ് ചെയ്തത്?

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ആദ്യം നാട്ടുകാരുടെ ആക്ഷേപം ഉണ്ടായിട്ടാണോ തള്ളിക്കളഞ്ഞതു എന്നാണു ചോദിക്കുന്നത്?

മിസ്റ്റർ പി. ജെ. ജോജ്ജ് (*Joint Secretary to Government*).— എന്താണോ കാര്യമെന്നു മുഴുവൻ വിശദമായിട്ട പറയുവാൻ നിവൃത്തിയില്ല.

ബഹു. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ:—

(എ) കുഴൂപ്പിള്ളി—പള്ളിപ്പുറം യൂണിയൻ കോട്ടിലെ വാർഡിമാരുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞ മീനം 1-ാം തീ- യിൽ വെച്ചിരുന്നതു പള്ളിപ്പുറം യൂണിയൻ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പറായ മിസ്റ്റർ രാമൻമേനോന്റെ ആവശ്യപ്രകാരം നിറുത്തിവെച്ചിട്ടുണ്ടോ;

(ബി) വാർഡിമാരുടെ തിരഞ്ഞെടുപ്പോ പ്രസിഡണ്ടു തിരഞ്ഞെടുപ്പോ നിറുത്തിവെക്കാൻ മറ്റേതെങ്കിലും പഞ്ചായത്തിൽനിന്ന് ഏതെങ്കിലും മെമ്പർ ഇതിനു മുമ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുപ്രകാരം തിരഞ്ഞെടുപ്പ് നിറുത്തിവെച്ചിട്ടുണ്ടോ;

(ഡി) പഞ്ചായത്തു മെമ്പറുടേയോ, മെമ്പർമാരുടേയോ, പഞ്ചായത്തു വാർഡിയുടേയോ, വാർഡിമാരുടേയോ ആവശ്യപ്രകാരം പഞ്ചായത്തു പ്രസിഡണ്ടു തിരഞ്ഞെടുപ്പോ വാർഡിമാരുടെ തിരഞ്ഞെടുപ്പോ കോർട്ടു പ്രസിഡണ്ടു തിരഞ്ഞെടുപ്പോ നിറുത്തി വെക്കുക ഇതുവരെ പതിവുണ്ടോ?

മിസ്റ്റർ പി. ജെ. ജോർജ്ജ് (*Joint Secretary to Government*).—
(എ) ഉവ്വ്.
(ബി) ഉവ്വ്.
(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ര) മെമ്പർമാരുടെ തിരഞ്ഞെടുപ്പു താസിൽദാർമാർ നിറുത്തി വെച്ചിട്ടുണ്ടെന്നാണു് അറിവു്. ജഡ്ജിമാരുടേയും പ്രസിഡണ്ടിന്റേയും തിരഞ്ഞെടുപ്പു് നിറുത്തിവെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സർ ഇപ്പോൾ ഞാൻ ചോദിക്കേണ്ട ചോദ്യങ്ങൾക്കു ശരിയായി മറുപടി പറയുന്നതിനു അവകാശപ്പെട്ട മെമ്പർ ഇവിടെ ഹാജരില്ല. പിന്നെ ജോയിന്റു സിക്രട്ടറി അവർകളാണു് അതിനു മറുപടി പറയുന്നതു്. അദ്ദേഹത്തിനു മുഴുവനും മറുപടി പറയാൻ സാധിക്കാത്തതുകൊണ്ടും അദ്ദേഹം ഒരു പുതിയ ആളായതുകൊണ്ടും ഞാൻ ചോദിക്കുന്നില്ല.

൨൪൭. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ:—

(ക) കുഴപ്പിള്ളി-പള്ളിപ്പുറം ഗ്രൂപ്പ് കോട്ടിലേക്കു ഇപ്പോൾ സാധുവായി പരിഗണിക്കുന്ന തിരഞ്ഞെടുപ്പു നടത്തിയതു് എന്നാണു്;

(ഖ) ആ തിരഞ്ഞെടുപ്പിൽ പള്ളിപ്പുറം പഞ്ചായത്തിലെ എത്ര മെമ്പർമാർ ഹാജരുണ്ടായിരുന്നു;

(ഗ) ആ തിരഞ്ഞെടുപ്പിൽ നിസ്സഹകരിച്ച പള്ളിപ്പുറം പഞ്ചായത്തിലെ ൪ മെമ്പർമാരിൽനിന്നും ഗവർമ്മെണ്ടിലേക്കു വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ;

(ഘ) ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഗവർമ്മെണ്ടു് എന്തു നടപടിയാണു നടത്തിയതെന്നും അതിന്റെ ഫലമെന്താണെന്നും പറയാമോ?

മിസ്റ്റർ പി. ജെ. ജോഷ്വാ (*Joint Secretary to Government*).—

(ക) ക്ഷക്ഷഖ മേടം ൧-൦൦൯-.

(ഖ) രണ്ടു്.

(ഗ) ഉണ്ടു്.

(ഘ) വേണ്ട അന്വേഷണങ്ങൾ നടത്തി ഹർജി റിക്കാട്ടാക്കി.

Road maintenance—Pallippuram Group Panchayat—particulars regarding.

൨൪൯. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ:—

(ക) ക്ഷക്ഷഖ-ൽ പള്ളിപ്പുറം ഗ്രൂപ്പ് പഞ്ചായത്തിലെ വഴിസംരക്ഷണ പണിക്കു് എത്ര ഉറുപ്പിക അനുവദിച്ചിരുന്നുവെന്നും അതിൽ

LIBRARY ARCHIVES Kerala Legislative Assembly